**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 28.04.2017-ൽ |
| ചോദ്യം നമ്പർ - 825 | മറുപടിയ്ക്ക് |

## അമരവിള - ഒറ്റശേഖരമംഗലം റോഡ്, കമ്പിച്ചൽക്കടവ്, കടിവീട്ടുക്കടവ് പാലങ്ങൾ എന്നിവകളുടെ നിലവിലെ സ്ഥിതി

| ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച, പാറശ്ശാല മണ്ഡലത്തിൽ ഉൾപ്പെട്ട അമരവിള - ഒറ്റശേഖരമംഗലം റോഡ്, കമ്പിച്ചൽക്കടവ്, കടിവീട്ടുക്കടവ് പാലങ്ങൾ തുടങ്ങിയ മരാമത്ത് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;<br><br>(ബി) പ്രസ്തുത പ്രവൃത്തികൾക്ക് എത്ര രൂപ വീതമാണ് നിർമ്മാണച്ചെലവ് പ്രതീക്ഷിക്കുന്നതെന്നും ഈ പ്രവൃത്തികൾ എന്ന് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി എപ്പോൾ അവസാനിപ്പിക്കാനാകുമെന്നും തരംതിരിച്ച് വ്യക്തമാക്കാമോ? | (എ) & (ബി) 01.11.2016-ലെ സ.ഉ. (സാധാ) നം. 1502/2016/പൊമവ പ്രകാരം അമരവിള - ഒറ്റശേഖരമംഗലം റോഡിന് 15 കോടി രൂപയുടെ ഭരണാനുമതിയും, 31.10.2016-ലെ സ.ഉ. (സാധാ) നം. 1496/2016/പൊമവ പ്രകാരം കമ്പിച്ചൽക്കടവ് പാലത്തിന് 15 കോടി രൂപയുടെ ഭരണാനുമതിയും, കടിവീട്ടുക്കടവ് പാലത്തിന് 10 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ KIIFB മുഖേന ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. അമരവിള - ഒറ്റശേഖരമംഗലം റോഡ് പ്രവൃത്തിയുടെ പുനഃനിർമ്മാണ പ്രവൃത്തിക്കാവശ്യമായ ഡി.പി.ആർ, ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പൂർത്തിയാക്കി വരുന്നു. കമ്പിച്ചൽക്കടവ് പാലത്തിന്റെ ഡിസൈൻ പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കി വരുന്നു. ഇതു തയ്യാറാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മാത്രമേ കിഫ്ബിയ്ക്ക് സമർപ്പിക്കാനാവുകയുള്ളൂ. കടിവീട്ടുക്കടവ് പാലത്തിന്റെ ഡിസൈനും എസ്റ്റിമേറ്റും കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.കമ്പിച്ചൽ കടവ് പാലത്തിന് രണ്ടു വർഷത്തെ നിർമ്മാണ കാലാവധിയും, കടിവീട്ടിൽക്കടവ് പാലത്തിന് 18 മാസത്തെ നിർമ്മാണ കാലാവധിയുമാണ് പ്രതീക്ഷിക്കുന്നത്. |

Sd/-

സെക്ഷൻ ഓഫീസർ